# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 615 02.04.2018-ൽ മറുപടിക്ക്**

ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന

| | ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ്<br>,, എസ്.രാജേന്ദ്രൻ<br>,, പി. ഉണ്ണി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഗ്രാമീണ ഭവന വൈദ്യുതീകരണം, ഗ്രാമീണമേഖലയിലെ ഉപ-പ്രസരണ-വിതരണ ശൃംഖലയുടെ ശാക്തീകരണം ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിന് ഉപഭോക്തൃ, ട്രാൻസ്ഫോർമർ, ഫീഡർ മീറ്ററിംഗ് ഉൾപ്പെടെയുള്ള പ്രവർത്തികൾ, സൻസദ് ആദർശ് ഗ്രാമയോജന (SAGY)യിലെ പ്രവർത്തികൾ എന്നിവയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജോതി യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (ബി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സർവ്വീസ് കണക്ഷൻ നൽകുന്നതിന് ഈ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഗ്രാമപ്രദേശങ്ങളിലെ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്, അനുബന്ധപ്രവർത്തികൾ ഉൾപ്പെടെ പൂർത്തിയാക്കി സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിവരുന്നു. ആകെ 98527 ബി.പി.എൽ ഭവനങ്ങൾ വൈദ്യുതീകരിക്കാൻ ലക്ഷ്യമിട്ടെങ്കിലും നാളിതുവരെ 109064 എണ്ണം നൽകികഴിഞ്ഞു. ഇതിനായി 1996.84കി.മീ. സിംഗിൾ ഫേസ് ലൈൻ, 119.8 കി.മീ ത്രീ ഫേസ് ലൈൻ, 529.21 കി.മീ. 11 കെ.വി.ലൈൻ, 317 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ ഇടങ്ങിയ പ്രവർത്തികൾ പൂർത്തിയാക്കി. |
| (സി) | ഗ്രാമ പ്രദേശങ്ങളിൽ വൈദ്യുതീകരണത്തിനും വിതരണ ലൈനുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതീകരണത്തിന് താഴെ പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1) ബി.പി.എൽ സർവ്വീസ് കണക്ഷനുകൾ - 98527 എണ്ണം.<br>2) പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ - 525 എണ്ണം.<br>3) വിതരണ ട്രാൻസ്ഫോർ ശേഷിക്കൂട്ടൽ - 56 എണ്ണം. |

| | | | |
|---|---|---|---|
| | | | 4) കേടായതും പഴയതുമായ സിംഗിൾ ഫേസ് മീറ്റർ മാറ്റിവയ്ക്കൽ - 1650076 എണ്ണം.<br>5) കേടായതും പഴയതുമായ ത്രീ ഫേസ് മീറ്റർ മാറ്റിവയ്ക്കൽ - 83688 എണ്ണം.<br>6) വിതരണ ട്രാൻസ്ഫോർ മീറ്ററിംഗ് - 23655 എണ്ണം.<br>7) ഫീഡർ മീറ്ററിംഗ് – 103 എണ്ണം.<br>8) പുതിയ 11 കെ.വി ലൈൻ - 1281.94 കി.മീ.<br>9) പുതിയ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ -2955 കി.മീ.<br>10) പുതിയ എൽ.റ്റി. ത്രീ ഫേസ് ലൈൻ -305 കി.മീ.<br>11) പുതിയ എൽ.റ്റി. എ.ബി.സി ലൈൻ -107.6 കി.മീ.<br>12) പുതിയ 33 കെ.വി. സബ്സ്റ്റേഷൻ- 2 എണ്ണം.<br>13) 33 കെ.വി. സബ്സ്റ്റേഷൻ ട്രാൻസ്ഫോർമർ ശേഷികൂട്ടൽ - 6 എണ്ണം. |
| (ഡി) | ഈ പദ്ധതി പ്രകാരം എത്ര ഗ്രാമീണ ഭവനങ്ങൾക്ക് വൈദ്യുതി നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ 2017-2018 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ഡി) | ഈ പദ്ധതി പ്രകാരം 98527 ബി.പി.എൽ (ഗ്രാമീണ) ഭവനങ്ങളാണ് വൈദ്യുതീകരിക്കാൻ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി 2017-18-ൽ കേന്ദ്ര സർക്കാരിൽനിന്നും തുകയൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. |

Kumalile

സെക്ഷൻ ഓഫീസർ